# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ സഹിത സ്പെഷ്യൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.6078/2018/ധന.** തിരുവനന്തപുരം, തീയതി **17/07/2018**

പരാമർശം:- 1. മെമ്പർ സെക്രട്ടറിയുടെ 19.04.2018 ലെ പി. സി.ബി. /എച്ച്.ഒ /എ1 /എഫ് ഡി /5793 / 2014 (2) നമ്പരായുള്ള കത്ത്.

2. ഭരണ വകുപ്പ് ഫയൽ നം.ENVT-A1/198/2018- ENVT Computer no. 834456

**ഉത്തരവ്**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥിരം നിക്ഷേപത്തിന്മേലുള്ള പലിശയും സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായവും തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള TPA A/c No.130 ൽ ആണ് ക്രഡിറ്റ് ചെയ്ത് വരുന്നതെന്നും കൂടാതെ ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി / പദ്ധതിയേതര ധനസഹായവും ഈ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നതെന്നും STSB അക്കൗണ്ടുകളിൽ നിന്നും ലഭ്യമായിട്ടുള്ള തുക സർക്കാർ സ്വമേധയാ ഫണ്ട് പിൻവലിക്കുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനതു ഫണ്ടും ഇതിലുൾപ്പെടുന്നത് ബുദ്ധിമുട്ടുണ്ടാക്കുമെന്നതിനാൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള സ്ഥിരം നിക്ഷേപങ്ങളുടെ പലിശ ക്രഡിറ്റ് ചെയ്യുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ സഹിത സ്പെഷ്യൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
പരിസ്ഥിതി (എ)വകുപ്പ് (ഇ-ഫയൽ ENVT-A1/198/2018- ENVT Computer no. 834456)
ധന(PU-C)വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ